ആദിവാസി മേഖലയിലെ ആരോഗ്യപരിപാലന പദ്ധതികൾ

223 (7522) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിലും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും വ്യാപകമായി പകർച്ചവ്യാധികളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നതും കുട്ടികളുടെ ആരോഗ്യംപോലും പരിപാലിക്കപ്പെടാൻ കഴിയാതെപോകുന്നതും നമ്മുടെ സംവിധാനങ്ങളുടെ വീഴ്ചയാണെന്നും സാമൂഹ്യനീതി നിഷേധമാണെന്നും കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ആദിവാസി മേഖലയിലും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും പകർച്ചവ്യാധികൾ വ്യാപകമായി ബാധിച്ചിട്ടുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ല. അട്ടപ്പാടി മേഖലയിൽ മുൻ വർഷം കുട്ടികളുടെ മരണം കൂടുതലായി റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ഫലപ്രദമായ നടപടികൾ വഴി ഇത് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ മേഖലകളിൽ പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ആരോഗ്യവകുപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ജലജന്യ രോഗങ്ങളായ വയറിളക്കം, കോളറ, ടൈഫോയിഡ് തുടങ്ങിയവ പ്രതിരോധിക്കുന്നതിനായി കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാൻ ബോധവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. കൊതുക് ജന്യരോഗങ്ങളായ ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയവ പ്രതിരോധിക്കാനും നിയന്ത്രിക്കാനുമായി കൊതുകുകളുടെ ഉറവിട നശീകരണം, സ്പ്രേയിംഗ്, ഫോഗിങ്ങ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ മേഖലകളിലെ ഫീൽഡ് പ്രവർത്തകർവഴിയും പി.എച്ച്.സി./സി.എച്ച്.സി. തുടങ്ങിയവവഴിയും ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനുപുറമേ ആരോഗ്യവകുപ്പിന്റെയും എൻ.ആർ.എച്ച്.എമ്മിന്റെയും കീഴിലുള്ള ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾവഴി പട്ടികവർഗ്ഗ ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി, മലപ്പുറം ജില്ലയിലെ നിലമ്പൂർ എന്നിവിടങ്ങളിലെ ആദിവാസികളിൽ കാണുന്ന അരിവാൾ രോഗ (സിക്കിൾ സെൽ അനീമിയ) ത്തിന്റെ സ്ക്രീനിംഗിനും ചികിത്സയ്ക്കും ബോധവത്ക്കരണത്തിനുമുള്ള പ്രത്യേക പ്രോജക്ടും ആരോഗ്യ വകുപ്പ് എൻ.ആർ.എച്ച്.എമ്മുമായി ചേർന്ന് നടത്തിവരുന്നു. മാതൃശിശു ആരോഗ്യ പരിപാടിയുടെ ഭാഗമായി കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്, അയൺഫോളിക് ആസിഡ് വിതരണം, ആരോഗ്യ പരിശോധന തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യനീതി വകുപ്പ് അംഗൻവാടികൾ കേന്ദ്രീകരിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

1. 5 വയസ്സിനുതാഴെയുള്ള കുട്ടികൾക്കായി ആരോഗ്യവകുപ്പുമായി യോജിച്ച് പ്രതിരോധ വാക്സിൻ, കുട്ടികൾക്കുണ്ടാകുന്ന ചെറിയ അസുഖങ്ങൾ ഭേദപ്പെടുത്തുന്നതിനായി മെഡിസിൻ കിറ്റ് എന്നിവ നൽകുന്നുണ്ട്.
2. ഭാരക്കുറവും വളർച്ചക്കുറവും ഉള്ള കുട്ടികൾക്കായി അധിക പോഷണം നൽകിവരുന്നു.
3. 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുഞ്ഞുങ്ങൾക്ക് കുടുംബശ്രീ മുഖേന അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നു.
4. 3 വയസ്സു മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കായി പാൽ, മുട്ട എന്നിവ ഉൾപ്പെടെയുള്ള പോഷകാഹാര വിതരണം നടത്തിവരുന്നു.
5. അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി കിച്ചൺ എന്ന പരിപാടിയുടെ കീഴിൽ അന്നപ്രദായിനി എന്ന ഉച്ചഭക്ഷണ വിതരണ പദ്ധതി 6 വയസ്സിനുതാഴെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ കൗമാരപ്രായക്കാരായ പെൺകുട്ടികൾ, 60 വയസ്സിനു മേൽ പ്രായമുള്ള വൃദ്ധർ, ഭിന്നശേഷിയുള്ളവരും കിടപ്പിലായ വരും ഉൾപ്പെടെയുള്ളവർക്കായി നടപ്പിലാക്കിവരുന്നു.
6. അട്ടപ്പാടി മേഖലയിലെ 5 വയസ്സിനുതാഴെയുള്ള മുഴുവൻ കുട്ടികളുടെയും പോഷണ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി UNICEF, NIRD, ആരോഗ്യവകുപ്പ് എന്നിവയുടെ സഹായത്തോടെ പ്രത്യേക സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്തുവരുന്നുണ്ട്.

ഇത് കൂടാതെ ആദിവാസി-പട്ടികവർഗ്ഗ മേഖലകളിൽ രോഗബാധിതരായി കണ്ടെത്തുന്നവരെ എസ്.റ്റി. പ്രൊമോട്ടർ, ആശാ വർക്കർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി യഥാസമയം ആശുപത്രികളിൽ എത്തിക്കുന്നതിനും മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ-ശുചിത്വ ബോധവത്ക്കരണ പരിപാടികളും വിവിധ വകുപ്പുകൾ മുഖേന സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികവർഗ്ഗ/പട്ടികജാതി ക്ഷേമ വകുപ്പുകൾ തുടങ്ങിയ വകുപ്പുകൾ ഈ മേഖലയിൽ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ആനുകൂല്യം

224 (7523) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കുട്ടികൾക്ക് ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ ;